(ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട അന്വേഷണം നടക്കുകയാണ്. ആരുടേയും പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) ഇതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റി പ്രശ്നത്തിന്റെ വിവിധ വശങ്ങൾ പഠിച്ചുവരികയാണ്. പാളിച്ചകൾ സംഭവിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേലുള്ള ശിപാർശകൾകൂടി കണക്കിലെടുത്ത് കൂടുതൽ സമഗ്രമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകനിയമനം

40 (†1058) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകളിൽ അന്യസംസ്ഥാനത്ത് നിന്ന് അദ്ധ്യാപകരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നിലവിൽ ഉച്ചശമ്പളത്തിൽ ജോലിയെടുക്കുന്ന അദ്ധ്യാപകരെ വീണ്ടും ചൂഷണത്തിന് വിധേയമാക്കാൻ ഇടവരുത്തുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമംവേതനം നൽകണമെന്ന് കോടതി നിർദ്ദേശമുണ്ടോ ; എങ്കിൽ അത് എത്രയാണെന്ന് വിശദമാക്കുമോ ; അത് നൽകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഈ മേഖലയിൽ അദ്ധ്യാപകർ ചൂഷണം ചെയ്യപ്പെടുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഈ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനവും മറ്റ് ആനുകൂല്യങ്ങളും ജോലി സ്ഥിരതയും ഉറപ്പാക്കുന്നതിന് എന്തെങ്കിലും നിയമം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബഹു. ഹൈക്കോടതിയുടെ 30-3-2009-ലെ 2287/09 വിധിപ്രകാരം ശമ്പളം പുതുക്കി നിശ്ചയിച്ച് സ.ഉ.(കൈ) 36/11/പൊ.വി.വ. (തീയതി 14-2-2011) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാറുണ്ട്.

---

† മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരാതി ലഭിക്കുമ്പോൾ അന്വേഷണം നടത്തി നടപടി സ്വീകരിക്കാറുണ്ട്.

(ഇ) ഉണ്ട്. സ.ഉ.(കൈ) 36/11/പൊ.വി. തീയതി 14-2-2011 (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).

(എഫ്) ബാധകമല്ല.

അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

41 (1059) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് സ്കൂളുകളുടെ പേര് അടക്കമുള്ള വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമൂലം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ കുറയുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്നതും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.* ഇതിന് പുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർസെക്കന്ററി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ.(കൈ) 863/15/പൊ.വി. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) അംഗീകാരം നൽകപ്പെട്ട സ്കൂളുകൾ വളരെ വർഷമായി പ്രവർത്തിച്ചുവരുന്നതാകയാൽ അംഗീകാരം നൽകുന്ന കാരണത്താൽ സമീപത്തെ സ്കൂളുകളിൽ കുട്ടികൾ കുറയാൻ സാധ്യതയില്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly